ഉത്തരം

(എ–സി) വനസമ്പത്ത് സംരക്ഷിക്കുന്നതിന് സംരക്ഷണ ജീവനക്കാർ നിരന്തരം റോന്ത് ചുറ്റി കുറ്റകൃത്യങ്ങൾ തടയുകയും കുറ്റകൃത്യങ്ങൾ നടന്നതിനെതിരെ നിയമന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വനം വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന്റെ സേവനം ഉപയോഗിച്ച് രഹസ്യ വിവരങ്ങൾ ശേഖരിച്ച് വരുന്നു. വനംകൊള്ള ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾക്ക് അധികൃതരെ അറിയിക്കുന്നതിനായി ഒരു ടോൾ ഫ്രീ ടെലഫോൺ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വനസംരക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് ഫോറസ്റ്റ് സ്റ്റേഷൻ സമ്പ്രദായം നടപ്പിലാക്കി വരുന്നു. സംരക്ഷണ സേനയ്ക്ക് ആവശ്യമായ ആയുധങ്ങളും വാർത്താവിനിമയ സൗകര്യങ്ങളും നൽകിയിട്ടുണ്ട്. വനസംരക്ഷണ സമിതികൾ രൂപീകരിച്ച് ജനപങ്കാളിത്തവും ഉറപ്പ് വരുത്തുന്നുണ്ട്. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തികൾ നിർണ്ണയിച്ച് ജണ്ട കെട്ടിയും, കയ്യാല സ്ഥാപിച്ചും വരുന്നുണ്ട്. മേൽപ്പറഞ്ഞവ കൂടാതെ പുതിയ കയ്യേറ്റങ്ങൾ അപ്പപ്പോൾത്തന്നെ ഒഴിപ്പിക്കുന്നുമുണ്ട്.

അട്ടപ്പാടി വനത്തിലെ കൃഷി നശിപ്പിക്കാൻ നടപടി

4 [640] ശ്രീ. എ. കെ. മണി:
പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി വനത്തിന്റെ ഉൾക്കാടുകളിൽ കഞ്ചാവ് കൃഷി നടക്കുന്നുണ്ടെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അട്ടപ്പാടിയുടെ ഉൾക്കാടുകളിൽ പരിശോധന നടത്തി കഞ്ചാവ് കൃഷി നശിപ്പിക്കാറുണ്ടോ;

(സി) കഞ്ചാവ് കൃഷി റെയ്ഡ് ചെയ്യുന്നതിന് സാമൂഹ്യ പ്രവർത്തകരെക്കൂടി പങ്കെടുപ്പിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കഞ്ചാവ് കൃഷി റെയ്ഡ് ചെയ്യുന്നതിന് സാമൂഹ്യ പ്രവർത്തകരെക്കൂടി പങ്കെടുപ്പിക്കുന്നുണ്ട്. കൂടാതെ കൃഷി സംബന്ധമായ വിവരങ്ങൾ ശേഖരിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും ഇവരുടെ സഹായം ഉപയോഗപ്പെടുത്തി വരുന്നു.

നബാർഡിന്റെ സഹായത്തോടെ ഫോറസ്റ്റ് റോഡുകൾ

5 [644] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഫോറസ്റ്റ് റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly